DESPATCHED
26/05/2020

25. 2. 20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1858(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.12161/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. സുബൈർ അഹമ്മദ് സി.പി.എം.,
സീനിയർ ക്ലർക്ക്,
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ
കാര്യാലയം, അയ്യന്തോൾ,
തൃശ്ശൂർ – 680 003.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് പോലീസ് കമ്മീഷണർ
അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ
കാര്യാലയം, ഗുരുവായൂർ, തൃശ്ശൂർ.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഇൻസ്പെക്ടർ ഓഫ് പോലീസ്,
ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ,
തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 1.6.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.6.2015, 23.7.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.7.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 11.8.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.7.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.7.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 1.8.2015, 12.2.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.8.2015, 24.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 25.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുബൈർ അഹമ്മദ് സി.പി.എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേലും അപ്പീൽ അപേക്ഷയിന്മേലും എതിർകക്ഷികൾ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നാണ്.

2. ഗുരുവായൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. ഗുരുവായൂർ പോലീസ് സ്റ്റേഷനിലെ ചുമർ ചിത്രം വരച്ച് വച്ചിരിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും
ii. മേൽപ്പടി ചുമർ ചിത്രം കാണുന്നതിനും ഫോട്ടോ എടുക്കുന്നതിനും സമ്മതം മുൻകൂർ ആയി വാങ്ങേണ്ടതുണ്ടോ എന്നും മുൻകൂർ സമ്മതം ആവശ്യമെങ്കിൽ ആ വിവരം സ്റ്റേഷന് പുറത്ത് ഒരു ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും പ്രദർശിപ്പിക്കാത്തത് എന്തുകൊണ്ടെന്നും
iii. ചുമർ ചിത്രം കാണുന്നതിനും ഫോട്ടോ എടുക്കുന്നതും സംബന്ധിച്ച ഹർജിക്കാരന്റ പ്രവൃത്തി നിയമ വിരുദ്ധമാണോ എന്നും
iv. പോലീസ് സ്റ്റേഷനിൽ വരുന്നവരെ പോലീസുകാരൻ എന്തിനാണ് തട്ടികയറി സംസാരിച്ച് ഭയപ്പെടുത്തുന്നത് എന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ആയത് ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടതാകയാലും ഹർജിക്കാരന്റ അപേക്ഷ മേൽപ്പടി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ചു നൽകിയിട്ടുണ്ട് എന്നാണ്. ആയത് പ്രകാരം രണ്ടാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ മറുപടി ലഭിച്ചത് 20.7.2015 തീയതി അപ്പീലിലൂടെ ഓർമ്മപ്പെടുത്തൽ നടത്തിയതിനു ശേഷമാണെന്നും മേൽപ്പടി മറുപടി അസഹിഷ്ണുത നിറഞ്ഞതും ഹർജിക്കാരനെ അവഹേളിക്കുന്ന തരത്തിലുള്ളതുമാണെന്നും ടിയാൻ ആവശ്യപ്പെട്ട 12 കാര്യങ്ങളിൽ 3 എണ്ണത്തിനു മാത്രമാണ് ഭാഗീകമായതും ധിക്കാരം നിറഞ്ഞതുമായ മറുപടി ലഭ്യമാക്കിയത് എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ 30 ദിവസങ്ങക്കുള്ളിൽ ലഭ്യമാക്കാത്തതിനാൽ ആയത് സൗജന്യമായി ലഭിക്കാനുള്ള അർഹത ടിയാനുണ്ടെന്നും ചുമർ ചിത്രം കാണുന്നതിനും ഫോട്ടോ എടുക്കന്നതിനും മുൻകൂർ സമ്മതം വാങ്ങുന്നതിന്റെ നടപടി ക്രമം സബന്ധിച്ച രേഖ/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ലെന്നും ജനമൈത്രി ഗുരുവായൂർ പോലീസ് സ്റ്റേഷന് ബാധകമല്ല എന്നുമാണ് മനസിലാകുന്നത് എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ

ആവശ്യപ്പെട്ട പ്രകാരമുള്ള രേഖയോ ഉത്തരവോ നൽകിയിട്ടില്ലെന്നും ഹർജിക്കാരന്റെ അപേക്ഷ ഗുരുവായൂർ പോലീസ് ഇൻസ്പെക്ടർക്ക് ലഭിച്ചത് 16.6.2015 തീയതി ആണെന്നും മേൽപ്പടി ഓഫീസിൽ നിന്നും ഹർജിക്കാരന് മറുപടി നൽകിയത് 13.7.2015 തീയതി ആണെന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷികൾ മറുപടികൾ നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടുള്ള വിവരമല്ലെന്നാണ് കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്. അപ്രകാരം തന്നെ ഹർജിക്കാരന്റെ അപേക്ഷയിലെ രണ്ടാം ഇനത്തിലെ അവസാന ഭാഗത്തും 3, 4, 5, 6, 7, 8, 9 10, 11, 12 എന്നീ ഇനങ്ങളിലും ആവശ്യപ്പെട്ടിട്ടുള്ളത് അഭിപ്രായ പ്രകടനമോ നിയമ വ്യാഖ്യാനമോ വിശദീകരണമോ ഒക്കെയാണെന്നു കാണുന്നു. ആയത് വിവരാവകാശ നിയമം 2(എഫ്) പ്രകാരം നിർവ്വചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിൽ വരുന്നതല്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 25-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk